# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **21.03.2012-ൽ മറുപടിക്ക്**

**ചോദ്യം നം.1634**

## മലപ്പുറം കാർഷികസർവ്വകലാശാല ഗവേഷണ കേന്ദ്രത്തോടനുബന്ധിച്ച് അക്കാദമിക് സെന്റർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മലപ്പുറം മണ്ഡലത്തിലെ ആനക്കയം കാർഷികസർവ്വകലാശാലാ ഗവേഷണകേന്ദ്രത്തോടനുബന്ധിച്ച് അക്കാദമിക് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതുഘട്ടത്തിലാണ്; | എ) & ബി) | മലപ്പുറം ജില്ലയിലെ ആനക്കയം കശുമാവ് ഗവേഷണ കേന്ദ്രത്തെ പ്രവർത്തന വൈപുല്യവും കർഷകതാല്പര്യവും കണക്കിലെടുത്ത് സർവ്വകലാശാല, കാർഷിക ഗവേഷണകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് അക്കാഡമിക് സെന്റർ ആരംഭിയ്ക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. ഡിപ്ലോമ ഇൻ ഹോർട്ടിക്കൾച്ചർ, പി.ജി.ഡിപ്ലോമ ഇൻ ഹൈടെക് ഹോർട്ടിക്കൾച്ചർ & നഴ്സറി മാനേജ്മെന്റ് എന്നീ ദ്വിവൽസര ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. |
| ബി) സർവ്വകലാശാലയും സർക്കാരും ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | | |
| സി) അടുത്ത അദ്ധ്യയനവർഷം പഠനമാരംഭിക്കത്തക്കതരത്തിൽ അക്കാദമിക് കേന്ദ്രം യാഥാർത്ഥ്യമാക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ; | സി) | അക്കാഡമിക് കേന്ദ്രം സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിൽ നിന്നും രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) കാർഷികപഠനത്തിനും ഗവേഷണത്തിനും കൂടുതൽ പ്രോത്സാഹനം നൽകി ഈ കേന്ദ്രത്തെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കിമാറ്റുമോ? | ഡി) | ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ഇൻ ഹൈടെക് ഹോൾട്ടിക്കൾച്ചർ ആയി ഉയർത്തുന്നതിനുള്ള വിശദമായ രൂപരേഖ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്. |